| | | | |
|---|---|---|---|
| <?xml version="1.0" ?> | | | |
| <?xml-stylesheet type="text/css" href="home.css"?> | | | |
| <Doc id="mal-w-media- | ML00006 | " | lang="Malayalam"> |
| <Header type="text"> | | | |
| <encodingDesc> | | | |
| <projectDesc> | CIIL-Malayalam Corpora, Monolingual Written Text | | </projectDesc> |
| <samplingDesc> | Simple written text only has been transcribed. Diagrams, pictures, tables and verses have been omitted. Samples taken from page 8-9, 16-17, 26-27, 36-37, 48-49, 56-57, 64-65, 74-75, 80-81, 82-83, 84-85. | | </samplingDesc> |
| </encodingDesc> | | | |
| <sourceDesc><br><biblStruct><br><source> | | SRLC | |
| | <category> | Aesthetics | </category> |
| | <subcategory> | Literature-Novels | </subcategory> |
| | <text> | Book | </text> |
| | <title> | sandhyayil' karaccil' vannu rApAr'kkunnu | </title> |
| | <vol> | | </vol> |
| | <issue> | | </issue> |
| </source> | | | |
| <textDes> | | | |
| | <type> | | </type> |
| | <headline> | | </headline> |
| | <author> | ebrahAM mAtyu | </author> |
| | <translator> | | </translator> |
| | <words> | 2991 | </words> |
| </textDes> | | | |
| <imprint> | | | |
| | <pubPlace> | India-Kottayam | </pubPlace> |
| | <publisher> | sAhityapravar'ttaka sahakaraNasaMghaM | </publisher> |
| | <pubDate> | 2002 | </pubDate> |
| </imprint> | | | |
| <idno type="CIIL code"> | | S58882 | </idno> |
| <index> | | ML00006 | </index> |
| </biblStruct><br></sourceDesc> | | | |
| <profileDesc><br><creation> | | | |
| | <date> | 04-May-2009 | </date> |
| | <inputter> | Remya K. | </inputter> |
| | <proof> | Rejitha K.S., Sajila S | </proof> |
| </creation> | | | |
| <langUsage> | | Malayalam | </langUsage> |
| <wsdUsage> | | | |
| <writingSystem id="ISO/IEC 10646">Universal Multiple-Octet Coded Character Set (UCS).<br></writingSystem> | | | |
| </wsdUsage> | | | |
| <textClass> | | | |
| <channel mode="w"> | | print | </channel> |
| <domain type="public"> | | | </domain> |
| </textClass> | | | |

| | | |
|---|---|---|
| </profileDesc><br></Header> | | |
| <text><body> | | |
| <p> | എന്തൊക്കെയാണെങ്കിലും എന്റെ ഉള്ള് സ്വസ്ഥമല്ല. ജീവിതം നേർവഴിക്കല്ല എന്നു തോന്നുന്നു. എങ്ങനെയായിത്തീരണമെന്ന് ഒരു രൂപവും ഉണ്ടായിട്ടില്ല. പലവഴിക്കും ഞാൻ ചിന്തിക്കുന്നുണ്ട്. രാവിലെ ഒമ്പതുമുതൽ മൂന്നുവരെ ക്ലാസ്സ്. പിന്നെ ഹോസ്റ്റൽമുറി. ചീട്ടുകളിയിൽ ഞാൻ അങ്ങനെ കൂടാറില്ല; ടൗണിൽ വെറുതെ കറങ്ങാനും. ഞാൻ ചിന്തിക്കുന്നതൊക്കെ എന്റെ സ്നേഹിതർ എത്രത്തോളം അംഗീകരിക്കും എന്ന് എനിക്കു സംശയമുണ്ട്. ലൈഫ് എന്തിനാണ് സ്പോയ്ൽ ചെയ്യുന്നത് എന്നാണവർ ചോദിക്കുന്നത്; ജോൺസണും ഹരികൃഷ്ണനും അവരോട് മറുപടി പറഞ്ഞു തോറ്റിരിക്കുന്നു. ഞാൻ വീട്ടുകാര്യം ചിന്തിച്ച് വിഷമിക്കുകയാണെന്നാണ് അവർ കരുതുന്നത്. എന്നാൽ പൂർണ്ണമായും വീട്ടിലെ കാര്യങ്ങൾ അല്ലതാനും. വീട്ടിലെ ചില കാര്യങ്ങൾ ചിന്തിച്ചാൽ തലയ്ക്കാകെ പെരുപ്പുതോന്നും. എന്നാൽ അതൊക്കെ ജീവതത്തിന്റെ ഒരു ഭാഗമായിരിക്കും എന്നുകരുതി ഞാൻ സമാധാനിക്കുന്നു. | </p> |
| <p> | എന്റെ പപ്പയും മമ്മിയും അമേരിക്കയിൽ നന്നായി ജീവിച്ചു. നല്ലപോലെ സമ്പാദിച്ചു. നാട്ടിൽ വന്ന് വസ്തുവകകളും വാങ്ങിച്ചു. (വസ്തു എന്ന വാക്ക് എന്റെ സ്നേഹിതന്റെ മുന്നിൽ ഉച്ചരിച്ചു; അവൻ മിഴിച്ചു.) | </p> |
| <p> | പറഞ്ഞുവന്നത്, വീടു വച്ചു. | </p> |
| <p> | ഒന്നാന്തരം രണ്ടുനില വീട്. | </p> |
| <p> | ഞങ്ങളുടെ ആസ്തിക്ക് ഒതുങ്ങുന്നവിധംതന്നെ പോകുന്നുണ്ട്. കാര്യങ്ങൾ. ഭേദപ്പെട്ട സംഖ്യ ബാങ്കിലും ഉണ്ട്. മുത്തൂറ്റ് ബാങ്കിലാ മുഴുവനും. | </p> |
| <p> | മുത്തൂറ്റ് കൊണ്ടിടുന്നതിനെക്കുറിച്ച് വീട്ടിൽ ചർച്ചനടന്നു. മമ്മി മുത്തൂറ്റ് പോകുന്നതിന് എതിരായിരുന്നു. പപ്പയുടെ നിർബ്ബന്ധം ഒടുവിൽ വിജയിച്ചു. അങ്ങനെ ആരെയും വിശ്വസിക്കാതെ ജീവിക്കാൻ പറ്റുമോ എന്നാണ് പപ്പ ചോദിച്ചത്. | </p> |
| <p> | ദേഷ്യംവരുമ്പോൾ മമ്മിയുടെ കാലു ചൊറിയും. വർഷങ്ങളായി എന്തോ സ്കിൻ അലർജിയുണ്ട്. എന്താണെന്ന് എനിക്കിപ്പോഴും അറിയില്ല. പത്തിരുപതുവർഷം സ്ഥിരം നൈറ്റ്ഡ്യൂട്ടി ചെയ്തോണ്ടിരുന്ന ആളല്ലേ. നൈലോൺ സോക്സിന്റെ റിയാക്ഷൻ ആയിരിക്കും. | </p> |
| <p> | ഏതായാലും മമ്മി കാൽമുട്ടേൽ ചൊറിഞ്ഞോണ്ട് “എന്നാൽ ശരി കൊണ്ടുപോയി കൊടുക്ക്” എന്നു വിളിച്ചുപറഞ്ഞതോടെ പ്രശ്നം അവസാനിച്ചു. | </p> |
| <p> | ബിൻസി എല്ലാം കേട്ടിരുന്നുവെങ്കിലും ഒരു പ്രതികരണവും കണ്ടില്ല. എവിടെ കൊണ്ടിട്ടാലും അവൾക്കൊന്നുമില്ല. തമാശയായി അവൾ പറയും: “എന്റെ ഡെവറി എമൗണ്ട് എടുത്തു കളിച്ചേക്കല്ലേ” എന്ന്. | </p> |
| <p> | ഭാവിയെക്കുറിച്ച് വളരെ ഉൽക്കണ്ഠയുണ്ടെന്നു തോന്നുന്നു | </p> |

| | | |
|---|---|---|
| | ബിൽസിക്ക്. ഒരു കൊച്ചുകുട്ടിയല്ലേ ബിൻസി. | |
| <p> | എന്റെ സേവിംഗ്, എന്റെ പണം എന്നൊക്കെ അവൾ പറയുന്നതു കേൾക്കാം. ഏതായാലും ബിൻസിക്ക് അവളുടേതായ ഒരു ലോകമുണ്ട്. അവൾ കണക്കുകൂട്ടി ജീവിക്കാൻ തുടങ്ങിയിരിക്കുന്നു. ഉൽക്കണ്ഠപ്പെടുന്നു. | </p> |
| <p> | ഞാൻ എന്നെക്കുറിച്ചാണല്ലോ പറഞ്ഞുകൊണ്ടുവന്നത്. എന്തെങ്കിലും ജോലിവേണം എന്നൊന്നും എനിക്ക് ആഗ്രഹമില്ല. അതിനല്ല കോയമ്പത്തൂരിൽ ചേർന്നത്. ജോലി കിട്ടാനാണെങ്കിൽ ഒരു പ്രശ്നവുമില്ല. മമ്മിയുടെ ഒരുപാട് റിലേറ്റീവ്സ് അമേരിക്കയിലുണ്ട്. വേണമെങ്കിൽ കോഴ്സ് കഴിഞ്ഞാൽ അവർ കൊണ്ടുപോകും. എന്നാൽ എനിക്കതിനോടു താൽപര്യമില്ല. ബിൻസിക്കാണെങ്കിൽ താൽപര്യവുമാണ്. ഞങ്ങൾ സ്ക്കൂൾക്ലാസ്സിൽ പഠിച്ചത്. ബിൻസി ഫോർത്തിലും ഞാൻ സിക്സ്ത്തിലും നാട്ടിൽ വന്നു ചേർന്നു. എന്നാലും അവൾക്ക് പഴയ ഫ്രണ്ട്സിനെ ഒക്കെ നല്ല ഓർമ്മയാ. | </p> |
| <p> | നാട്ടിൽ ജോലി കിട്ടാൻ വളരെ ബുദ്ധിമുട്ടായിരിക്കും. സാരമില്ല, തൊഴില്ലായ്മ അല്ലല്ലോ പുതിയ കാലത്തെ ഏറ്റവും വലിയ പ്രശ്നം. പപ്പ പറഞ്ഞിട്ടുണ്ട്, പപ്പയുടെ ചെറുപ്പത്തിൽ അരി തരാത്ത, തുണി തരാത്ത സർക്കാരേ എന്നൊക്കെ പറഞ്ഞു മുദ്രാവാക്യം മുഴക്കാറുണ്ടായിരുന്നു എന്ന്. ആരാണ് സർക്കാർ? ടി. വി.യിൽ മുഖ്യമന്ത്രിയെ കണ്ടിട്ടുണ്ട്. ഓരേ കാര്യങ്ങൾ തപ്പിത്തപ്പി എഴുതിയത് വായിക്കുന്നതു കാണാം. എന്റെ തലമുറ വളരെ ഡൈനാമിക് ആണ്. നേതാക്കന്മാർ മാത്രം എന്താണിങ്ങനെ? | </p> |
| | | |
| <p> | കഴിഞ്ഞിടെ ഞങ്ങളുടെ പള്ളി ട്രസ്റ്റി മിസ്റ്റർ പി. ടി. കോരുത് വീട്ടിൽ വന്നു. വീട്ടിൽ ഒരു പെൺകുട്ടിയെ പേയിംഗ് ഗസ്റ്റായി താമസിപ്പിക്കാമോ എന്നായി മിസ്റ്റർ കോരുത്. മമ്മി ആവശ്യം നിഷേധിച്ചു. | </p> |
| <p> | വീട്ടിൽ പിടിപ്പതു ജോലി എങ്ങനെ പറ്റും? | </p> |
| <p> | ആ കുട്ടി മിസ്റ്റർ കോരുതിന്റെ മകളോടൊപ്പം ബാംഗ്ലൂരിൽ പഠിച്ചിട്ടുണ്ട്. നാട്ടിൽ മിസ്റ്റർ കോരുത് ഒറ്റയ്ക്കാണ്, മക്കളെല്ലാം വെളിയിലും. അതുകൊണ്ട് മകളുടെ സ്നേഹിതയ്ക്കുവേണ്ടി ഒരു ശുപാർശ. ഒന്നു രണ്ടാഴ്ച ആലോചിക്കുവാൻ സാവകാശം തന്ന് മിസ്റ്റർ കോരുത് പോയി. മിസ്റ്റർ കോരുത് ഞങ്ങളുടെ കുടുംബത്തിന്റെ വെൽവിഷർ ആണ്. വെറും ഒരു പള്ളിയംഗം മാത്രമല്ല, ഞങ്ങൾക്ക് നന്മവരാൻ ആഗ്രഹിക്കുന്ന അപൂർവ്വം ആളുകളിൽ ഒരാൾ. | </p> |
| <p> | വീട്ടിലെ കാര്യങ്ങളൊക്കെ തീരുമാനിക്കേണ്ടത് മമ്മി. മാത്രവുമല്ല, ഒരു പെൺകുട്ടിയെയാണ് കൂടെ താമസിപ്പിക്കേണ്ടത്. ഞങ്ങളുടെ നാട്ടിൽ രണ്ടുവർഷം മുമ്പാരംഭിച്ച കേന്ദ്രീയവിദ്യാലയത്തിൽ അദ്ധ്യാപികയായി മാറ്റം കിട്ടി വന്നിരിക്കുകയാണ് അഞ്ജന. | </p> |
| <p> | ഒടുവിൽ മിസ്റ്റർ കോരുത് ജയിച്ചു. | </p> |
| <p> | മുകളിലത്തെ നിലയിൽ ബിൻസിയുടെ റൂമിനെതിരായി ഒന്നുണ്ട്. | </p> |

| | | |
|---|---|---|
| | അത് അഞ്ജനയ്ക്കു നീക്കിവച്ചു. അങ്ങനെ കണ്ണൂർ സ്വദേശിനി അഞ്ജന ഞങ്ങളിലൊരാളായി. | |
| <p> | കോയമ്പത്തൂർ പച്ചപ്പ സ്മാരക സയൻസ് കോളേജിലെ പുതിയ മെൻസ് ഹോസ്റ്റലിൽ ഏഴാം നമ്പർ മുറിയിലിരുന്ന് വീട്ടുകാര്യങ്ങളൊക്കെ ചിന്തിക്കുകിൽ അതിനു പ്രത്യേക രസമുണ്ട്. | </p> |
| <p> | ഞങ്ങൾ വീട്ടുകാർക്കുമാത്രം അറിയുന്ന രഹസ്യങ്ങൾ ഉണ്ട്. പപ്പയുടെ രഹസ്യകൌതുകങ്ങളാണോ ഭയമാണോ അതെന്നു നിശ്ചയമില്ല. പല രാത്രികളിലും പപ്പ ഉറങ്ങുന്നില്ല. മാത്രവുമല്ല, പപ്പയ്ക്ക് ചില കാഴ്ചകളും ഭയമായിരുന്നു. ഉദാഹരണം പറഞ്ഞാൽ കാക്കകൾ കൊത്തുകൂടുന്നതുകണ്ടാൽ പപ്പ ക്ഷുഭിതനാകും. കാക്കയുടെ ഏതെങ്കിലും തൂവൽ തകർന്നത് താഴെ വീഴുകിൽ അത് മാറ്റിയെടുപ്പിച്ചിട്ടേ പപ്പയ്ക്ക് സമാധാനം വരികയുള്ളു. | </p> |
| <p> | മറ്റൊരു ഭയത്തെക്കുറിച്ചു പറയാം. | </p> |
| <p> | വീടിന്റെ എതിർവശത്തായി ഒരു പഴയ മുളങ്കാട് കാണുന്നില്ലേ? വളരെ പഴക്കമുണ്ട്. മുളങ്കാട്ടിൽ ചില കൊച്ചുമൃഗങ്ങളും. ജീവികളും അവയുടേതായ ശബ്ദത്തിൽ കഴിഞ്ഞുകൂടുന്നതും കണ്ടിട്ടുണ്ട്. | </p> |
| <p> | മുളങ്കാട് അപൂർവ്വമായി പൂക്കും. | </p> |
| <p> | പൂത്തുനിൽക്കുന്നതു ഞാൻ കണ്ടിട്ടേയില്ല. | </p> |
| <p> | മുള പൂക്കുന്നത് നാശത്തിന്റെ ഹേതുവെന്നാണല്ലോ പറയാറ്. | </p> |
| <p> | മുളങ്കാടുകൾ എന്നു പൂക്കും എന്നും ആലോചിക്കുന്നു. പപ്പയ്ക്ക് മുൾവഴികളെ ഭയമാണ്. മുളങ്കാടുകളെ ഭയമാണ്. പപ്പ ഭയചകിതൻ. | </p> |
| <p> | മറ്റൊന്നു നോക്കുക. | </p> |
| <p> | നാം മെഴുകുതിരി തിരഞ്ഞു നടക്കുന്നു. അതു കൊണ്ടുവരുന്നു. കൊണ്ടുവന്നു കത്തിക്കുവാൻ ലേശം സമയമെടുക്കുന്നു. കത്തിച്ചുകഴിഞ്ഞാൽ നാം തറയിൽ വയ്ക്കും. നിലത്തിരുന്ന് അതു കത്തുന്നു. സ്ഥിരമായി അങ്ങനെ വയ്ക്കുന്നതെവിടെയാണ് ? എന്തിനാണ് ? | </p> |
| <p> | ഉത്തരം കിട്ടാത്ത ചോദ്യം. | </p> |
| <p> | സ്ഥിരമായി മെഴുകുതിരി അങ്ങനെ ആരും പ്രത്യേക ആവശ്യമുള്ളപ്പോളല്ലാതെ നിലത്തു വയ്ക്കുക പതിവില്ലല്ലോ. പക്ഷേ, പപ്പയ്ക്ക് സഹിക്കുകയില്ല. വെറും നിലത്ത് മെഴുകുതിരികത്തുന്നതു കണ്ടാൽ പപ്പ രോഷാകുലനാവും. ചാടിയെഴുന്നേൽക്കും. അതുപോലെ പാതിരാവിൽ കോഴി കൂകുന്നതും പപ്പയ്ക്ക് താൽപര്യമില്ല. കേട്ടാൽ ഞെട്ടിയുണർന്ന് ലൈറ്റിടും. അന്തരീക്ഷം ശ്രദ്ധിക്കും. ചിലപ്പോൾ ടോർച്ചുമായി പുറത്തേക്കുപോകാനും ശ്രമിക്കും. ഞങ്ങളുടെ വീട്ടിൽ നാലുപേർക്കുമാത്രം അറിയാവുന്ന രഹസ്യം. ഞാൻ അങ്ങ് പരസ്യപ്പെടുത്തിയെന്നു മാത്രം. | </p> |
| | | |
| <p> | അഞ്ചുവർഷം മുമ്പ് ഞാൻ എത്ര പുതിയ ഒരാളായിരുന്നു! കാലം | </p> |

| | | |
|---|---|---|
| | മാറി. എന്നേക്കാൾ തടിയും രൂപവുമുള്ള കുട്ടികളെ പഠിപ്പിക്കുന്നു. ഞാൻ ഒരു പഴഞ്ചയായിരിക്കും. പ്രായം യൌവനത്തോടൊപ്പം ഒഴുകിപ്പോകുന്നു. എന്റെ പിറകെ വരുന്നവർക്ക് എന്നേക്കാൾ കൂടുതൽ ജീവിതത്തെക്കുറിച്ചു പറയാനും കേൾപ്പിക്കാനും ഉണ്ടാകും. ഞാൻ കാടുകയറുകയായിരിക്കും. | |
| <p> | രണ്ടു മുറി എനിക്കു വിട്ടുതന്നിരിക്കുന്നു. ഒന്ന് സാധനങ്ങൾ ഒക്കെ സൂക്ഷിച്ചുവയ്ക്കാൻ. ഡ്രസ്സിങ് റൂമായും അത് ഉപയോഗിക്കാം. ബെഡ്റൂം മറ്റൊന്ന്. എന്റെ എതിർ റൂമിൽ ബിൻസി. അവൾക്കും രണ്ടു മുറിതന്നെ. വീടിന്റെ ഉടമയ്ക്കും എനിക്കും മുറികളുടെ കാര്യത്തിൽ ഒരേ അവകാശം; തുല്യത. വീട്ടുകാരുടെ മനുഷ്യസ്നേഹവും മാന്യതയും മനസ്സിലാക്കാൻ ഉദാഹരണമിത്രയും മതി. ഞാനും മനസ്സിലാക്കുന്നു എല്ലാം. | </p> |
| <p> | ബിൻസി എത്ര സുന്ദരിയാണ്! എന്നേക്കാൾ ഏഴു വയസ്സിനു കുറവുണ്ട്. പക്ഷേ നല്ല ഉയരം. മുഖം നല്ല പോലെ നീണ്ടിട്ടും. അവൾ നടക്കുന്നതു കാണാൻ പോലും പ്രത്യേകതയുണ്ട്. ആരും അവളെ ശ്രദ്ധിക്കും. മറ്റുള്ളവർ തന്നെ ശ്രദ്ധിക്കുന്നുണ്ടാകുമെന്നു ബിൻസിക്ക് അറിയാമോ എന്തോ? അറിഞ്ഞാൽത്തന്നെയും അവൾ അതുഭാവിക്കുന്നില്ല. ഒന്നിനേയും ശ്രദ്ധിക്കുകയോ ശ്രദ്ധിക്കാതിരിക്കുകയോ ചെയ്യുന്നു. | </p> |
| <p> | ബിൻസി ഭാഗ്യം ചെയ്ത തലമുറയിൽ പെടുന്നു. എല്ലാകാര്യങ്ങളെയും വളരെ ചെറുപ്പത്തിൽത്തന്നെ നിസ്സംഗതയോടെ നോക്കിക്കാണുവാൻ അവൾക്കു കഴിയുന്നു. അമിതമായ ഉത്കണ്ഠകൾ ഒന്നിനോടുമില്ല. നിരാശയുമില്ല. എന്നെങ്കിലും ഒരിക്കൽ ജീവിതത്തിൽ വിജയിക്കുമെന്നോ പരാജയപ്പെടുമെന്നോ അവൾ വിചാരിക്കുന്നില്ല. പരാജയവും വിജയവും അവൾക്ക് ഒരേപോലെ പ്രശ്നമല്ല. അതിനെക്കുറിച്ചാലോചിച്ച് തന്റെ തലമുറയിലെ മറ്റുള്ളവരെപ്പോലെ ബിൻസിയും സമയം കളയുന്നില്ല. വേണ്ടാത്ത സാമൂഹ്യപ്രശ്നങ്ങളൊന്നും ബിൻസിയുടെ തലയിലേക്കു കയറിച്ചെല്ലുകയില്ല എന്തു സുഖം! | </p> |
| <p> | ബിൻസിയുടെ പ്രായത്തിൽ എന്റെ ഗതി എത്ര വ്യത്യസ്തമായിരുന്നു! നല്ല വേഷത്തിൽ വെളിയിലേക്കു പോകാനിറങ്ങുമ്പോൾത്തന്നെ അമ്മ വേവലാതിപ്പെടും. സൂക്ഷിക്കണേ, അപരിചിതരോട് മിണ്ടരുത്, എന്നിങ്ങനെ നിബന്ധനകൾ കേൾക്കാം. മനസ്സമാധനത്തോടെ കോളേജിലേക്കിറങ്ങാൻ പറ്റുമായിരുന്നില്ല. എല്ലായിടത്തും ഉത്കണ്ഠയായിരുന്നു. നാട്ടിന്റെ സ്ഥിതികാരണമായിരിക്കും. സ്ഥിതിക്കിപ്പോഴും വലിയ വ്യത്യാസമൊന്നും കാണുന്നില്ല. | </p> |
| <p> | സെക്സ് റാക്കറ്റ് എന്ന് സ്ഥിരം പത്രത്തിൽ വായിക്കുന്നു. ബിൻസിക്ക് ശരിക്കും മലയാളമറിയില്ല. ഒരു ദിവസം ഉറക്കെ അവൾ വായിക്കുകയാണ്. സെക്സ് റോക്കറ്റ്. ശരി, റോക്കറ്റെങ്കിൽ അത്. | </p> |
| <p> | യഥാർത്ഥത്തിൽ പെൺവാണിഭം ഒരു പുതിയ വാക്കാണോ? | </p> |

| | | |
|---|---|---|
| | എത്രയോ കാലമായി കേൾക്കുന്ന വാക്കാണത്? അദ്ഭുതമെന്തുണ്ടതിൽ? മാനം മര്യാദയ്ക്കു ജീവിക്കാനുറച്ച ഏതെങ്കിലും പെൺകുട്ടി പെൺവാണിഭത്തിൽ പോയി വീഴുമോ? | |
| <p> | സ്വന്തം മനസാക്ഷി നിശ്ചയിക്കുന്ന ഒരു വഴിയിലൂടെ പെൺകുട്ടി പോകട്ടെ. അതിൽ നമുക്കെന്തു കാര്യം? നാം എന്തിനിടപെടണം? ഞാൻ എന്റെ വഴിയിൽ ഉറച്ചുനിൽക്കും എന്ന കാര്യം തീർച്ചയാണ്. | </p> |
| <p> | അഞ്ജന വീണ്ടും എഴുതുന്നു................... | </p> |
| <p> | രാത്രി. | </p> |
| <p> | ബിൻസിയും അവളുടെ അമ്മയും അധികം സംസാരിക്കാറില്ലെന്നു തോന്നുന്നു. എന്തുകൊണ്ടാണെന്നറിയില്ല എന്നോടു സംസാരിക്കുന്നതിൻ പകുതി പോലും അവൾ മമ്മിയോടു സംസാരിക്കുന്നില്ല. | </p> |
| <p> | കാര്യമാക്കാനില്ല. | </p> |
| <p> | അമ്മയും മകളും തമ്മിൽ എന്തെങ്കിലും കാര്യം ഉള്ളതായി തോന്നുന്നില്ല. അല്ലെങ്കിൽത്തന്നെ അധികം എന്തു സംസാരിക്കുവാനാണ്? രണ്ടുകൂട്ടരെയും ഒരേപോലെ ആകർഷിക്കുന്ന എന്തെങ്കിലും ഉണ്ടെങ്കിൽ മാത്രമല്ലേ പരസ്പരം കൂടുതൽ സംസാരിക്കുവാൻ സാധിക്കയുള്ളൂ. | </p> |
| | | |
| <p> | ഞങ്ങൾ രണ്ടാളേക്കാൾ കൂടുതലായി. ഒരുതരത്തിൽ പറഞ്ഞാൽ ആശ്വാസമാണിത്. അപ്പനും മകനും തമ്മിലുള്ള അടുപ്പം നല്ലതുതന്നെ. അവർ കതകടച്ചിരുന്ന് വല്ലപ്പോഴും ചർച്ച നടത്തുന്നതും കാണാം. എന്തു വേണമെങ്കിലും ചർച്ചചെയ്തുകൊള്ളട്ടെ. ജോസ് നോർമൽ ആയാൽ മതിയായിരുന്നു. ബിനോയിയുടെ പുസ്തകങ്ങൾ ജോസും വായിക്കുവാൻ തുടങ്ങിയിരിക്കുന്നു. | </p> |
| <p> | ജോസിന്റെ കാര്യത്തിൽ വീട്ടുകാർക്കൊന്നും അത്ര താൽപര്യം കാണുന്നില്ല. ന്യൂയോർക്കിൽനിന്നും വന്നതിനുശേഷം ജോസിന്റെ വീട്ടുകാരിൽ പലരും തിരിഞ്ഞുനോക്കിയിട്ടേയില്ല. ആനുകൂല്യങ്ങൾ ഒന്നും കിട്ടാനില്ലാത്തതുകൊണ്ടായിരിക്കും. | </p> |
| <p> | ജോസ് കാര്യമായി സഹായിച്ചിരുന്ന രണ്ടു ജ്യേഷ്ഠന്മാരുണ്ട്. ക്രിസ്തുമസ്സിനും ദുഃഖവെള്ളിയാഴ്ചയുമൊക്കെ അവർ വന്നു പോകും. അവരൊക്കെ നാട്ടിൻപുറത്തെ കൃഷിക്കാർ. അതുകൊണ്ടുതന്നെ നല്ല ആരോഗ്യവും. ജോസിനെ കണ്ടാൽ അവരെക്കാൾ പ്രായം കൂടിയ ആളാണെന്നേ തോന്നൂ. ജോസ് 'അമേരിക്കക്കാരനാ'യതുകൊണ്ട് എന്തസുഖം വന്നാലും സാരമില്ല, കാശുള്ളവരല്ലെ എന്നാണ് വീട്ടുകാരും നാട്ടുകാരും ഒരേപോലെ കരുതുന്നത്. വാസ്തവം ആരറിയുന്നു. | </p> |
| <p> | കാശിന് എന്തു വില എന്നു മനസ്സിലായല്ലോ. നാട്ടിൻപുറത്തുകാരന്റെ പഴയ ആരോഗ്യം ജോസിന് ഉണ്ടായിരുന്നുവെങ്കിൽ വീട് എങ്ങനെയിരിക്കുമായിരുന്നു! എന്തു സന്തോഷം നിറയുമായിരുന്നു! | </p> |
| <p> | ജോസ് എന്നും ഒരു നാട്ടിൻപുറത്തുകാരനാണ്. | </p> |

| | | |
|---|---|---|
| <p> | മനസ്സുകൊണ്ട് എന്നും എപ്പോഴും അങ്ങനെത്തന്നെയായിരുന്നു. ജോലിയില്ലാതെ നാട്ടിൽ അലഞ്ഞുനടന്ന കാലത്തായിരുന്നു ഞങ്ങളുടെ കല്യാണം. അമേരിക്കൻ നേഴ്സിനെ കല്യാണം കഴിക്കുന്നതിനോട് ജോസിന്റെ പല സ്നേഹിതർക്കും ഭയങ്കര എതിർപ്പായിരുന്നു. അങ്ങനെ എതിർത്തിട്ടു വല്ല കാര്യവും ഉണ്ടോ എന്ന് ജോസിനും തോന്നി ഒടുവിൽ എം. എ. കഴിഞ്ഞ് ഒരു കോളേജ് അദ്ധ്യാപകനാവാൻ ജോസ് ഒരുപാട് ശ്രമിച്ചു. ഒരിക്കലും ഒരിടത്തും നടന്നില്ല. കുറെ അഭിമുഖങ്ങൾക്കു പോയ കാര്യം എന്നോടു പറഞ്ഞു. നാടുതന്നെ മടുത്ത് അങ്ങനെ നിന്നപ്പോഴായിരുന്നു കല്യാണം. ഞാൻ ഒരു മാസത്തെ അവധിക്കു നാട്ടിൽ വന്നതായിരുന്നു. ഗ്രീൻകാർഡുള്ള പെൺപിള്ളാർക്ക് അന്നും നാട്ടിൽ വലിയ പിടിച്ചുപറിയാണെന്ന് അറിയാമല്ലോ. ഒരുപാട് ആലോചനകൾ വന്നിരുന്നു. എന്നാലും ജോസിനെ കണ്ടപ്പോൾ അറിയാതങ്ങ് പിടിച്ചു. താടിയും കുറേ നീട്ടിയ മുടിയും വലിയ ശ്രദ്ധയില്ലാത്ത വേഷവും ആരെയും കൂസാത്ത നടപ്പും. എന്നെ കാണാൻ വന്നപ്പോൾത്തന്നെ മുന്നിലിരുന്ന് ജോസ് വിൽസ് വലിച്ചു. | </p> |
| <p> | "ചെയ്ൻ സ്മോക്കറാണോ?" | </p> |
| <p> | "നോൺസ്മോക്കേഴ്സിനെയാ എന്റെ അപ്പച്ചൻ പ്രിഫർ ചെയ്യുന്നത്." | </p> |
| <p> | "സോറി..." | </p> |
| <p> | ജോസ് പോകാൻ എഴുന്നേറ്റു. അന്നേരം എനിക്കു നിരാശ തോന്നി. | </p> |
| <p> | "സാരമില്ല." | </p> |
| <p> | ഞാൻ പറഞ്ഞു. | </p> |
| <p> | ജോസ് കേട്ടു. | </p> |
| <p> | വീണ്ടും ഞങ്ങൾ സംസാരിച്ചു. | </p> |
| <p> | ഞാൻ അതേവരെ കണ്ടിട്ടുള്ള ആളുകളിൽനിന്നും വളരെ വ്യത്യസ്തനായിരുന്നു ജോസ്. ഓരോരോ അഭിപ്രായങ്ങൾ ജോസ് പറയുന്നതുകേട്ടാൽ ആർക്കും ചിരിവരും. ഒരുപാടു വായിക്കുന്ന ആളായിരുന്നു. എന്റെ കുടുംബത്തിൽ ജോസിനെപ്പോലുള്ള ആളുകൾ കുറവായിരുന്നു. എന്റെ കസിൻസ് ഒക്കെ നാട്ടിൽ കുറെ ബ്ലേഡ് ബിസിനസ്സും പള്ളിക്കാര്യങ്ങളും പിന്നെ കുറേശ്ശെ രാഷ്ട്രീയവും ഒക്കെയുള്ള ആളുകളായിരുന്നു. അവർക്കിടയിലെക്കാണ് ജോസ് കടന്നുവരുന്നത്. അവർക്കൊന്നും ആദ്യം ജോസിനെ വലിയ പിടുത്തമില്ലായിരുന്നു. വലിയ ജാടക്കാരൻ എന്നാണവർ വിളിച്ചത്. എനിക്കല്ലേ പാവം ജോസിനെ കാര്യമായി അറിയാവുന്നത്! | </p> |
| | | |
| <p> | "സോഷ്യൽ ചെയ്ഞ്ചസിനെക്കുറിച്ചൊന്നും ഞാൻ അത്ര സ്റ്റഡീഡ് അല്ല. ജനിച്ചത് പെൺകുഞ്ഞാണെങ്കിൽ അതിനു വിഷക്കായ അരച്ചുകൊടുത്തു കൊല്ലുന്ന നാട്ടിൽ താമസിച്ചുകൊണ്ട് കേരളത്തിലെ മാറ്റത്തെക്കുറിച്ച് എങ്ങനെ പറയും?" | </p> |
| <p> | "പെൺകുഞ്ഞുങ്ങൾ കഷ്ടപ്പാടു സഹിക്കാനായിട്ടാണ് വളർന്നു | </p> |

| | | |
|---|---|---|
| | വരുന്നതെങ്കിൽ സിൻസിയറായ എന്റെ അഭിപ്രായം അവരെ കൊന്നുകളഞ്ഞേക്കുക എന്നതുതന്നെ. കൂടുതലൊന്നും അറിയേണ്ടല്ലോ."- ബിൻസി പറഞ്ഞു. | |
| <p> | "എടീ ഫൂളേ...."- ബിനോയ് പ്രതികരിച്ചു: "കുഞ്ഞുങ്ങൾ വലുതാകുമ്പോൾ കഷ്ടപ്പാടാണോ സൌഭാഗ്യമാണോ അവരെ കാത്തിരിക്കുന്നതെന്നു നമുക്കെങ്ങനെ അറിയാം? ആർക്ക് പ്രവചിക്കാൻ പറ്റും? പെൺകുഞ്ഞുങ്ങളെ വളരെ പ്രിമിറ്റീവ് മെതേഡ്സ് ഉപയോഗിച്ചാണ് സേലത്തും മറ്റും കൊല്ലുന്നത്." | </p> |
| <p> | "ഒരു കുഞ്ഞിന്റെ മുഖത്തു നോക്കിയാൽ അതിനെ കൊല്ലാൻ തോന്നുമോ?"- അഞ്ജന ചോദിച്ചു. | </p> |
| <p> | "ഭർത്താക്കന്മാർ എത്രയോ ഭാര്യമാരെ കൊല്ലാറുണ്ട്!"- ബിൻസി പറഞ്ഞു. | </p> |
| <p> | "കൊല്ലാൻ മനുഷ്യന് അവകാശമില്ലല്ലോ. ജീവൻ തിരികെ നൽകാൻ കഴിയാത്തവർക്ക് അതു നിഷേധിക്കാൻ അവകാശമില്ല." | </p> |
| <p> | "കൂടുതൽ ബന്ധങ്ങൾ ഉണ്ടാകുമ്പോഴാണ് കൂടുതൽ പ്രശ്നങ്ങളും ഉണ്ടാകുന്നത്. പരസ്പരം അടുക്കാതെയോ ബന്ധപ്പെടാതെയോ ഇരുന്നാൽ കുറെയൊക്കെ ആപത്തുകളിൽനിന്നും ഒഴിവാകാം"- ബിൻസി വിശദീകരിച്ചപ്പോൾ അഞ്ജന സ്തബ്ധയായി. | </p> |
| <p> | "എന്റെ അദ്ഭുതം മറ്റൊന്നുമല്ല. ബിൻസി എന്തിനിത്ര സീരിയസ് ആകുന്നു? വാചകങ്ങളും തത്ത്വങ്ങളും നിന്റെ പ്രായത്തിന് ചേരില്ല." | </p> |
| <p> | "ചേച്ചീ, പതിനെട്ടു വയസ്സെന്നു പറഞ്ഞാൽ അത്ര ചെറിയ പ്രായമൊന്നുമല്ല. വലിയ കാര്യംതന്നെയാണ്. വോട്ടവകാശം തുടങ്ങുന്നതുതന്നെ എന്റെ പ്രായത്തിൽനിന്നാണ്. എന്നു മാത്രമല്ല എല്ലാത്തിനെക്കുറിച്ചും എനിക്ക് അഭിപ്രായവും ഉണ്ട്. അതിരിക്കട്ടെ, ഞാൻ ചേച്ചിയോട് ഒരു സംശയം ചോദിക്കാൻ പോകുകയാണ്....." | </p> |
| <p> | "ചോദിച്ചോളൂ. എനിക്ക് വലിയ കാര്യങ്ങളെക്കുറിച്ചൊന്നും വിവരമില്ല." | </p> |
| <p> | "ലിവിംഗ് ടുഗതർ.... അതായത് ഒരു ബന്ധവുംകൂടാതെ സ്ത്രീയും പുരുഷനും ചേർന്നു താമസിക്കുന്നു; സൌകര്യമുള്ളിടത്തോളം. പരസ്പരം എന്താണഭിപ്രായം." | </p> |
| <p> | "ഐ ആം ടോട്ടലി എഗനിസ്റ്റ്." | </p> |
| <p> | "വൈ...?" | </p> |
| <p> | "ആർക്കും ആരോടും ഒരുതരം കമിറ്റ്മെന്റുമില്ലാതെ ജീവിക്കുക വിഷമമാണ്. പരസ്പരം സ്നേഹിക്കാൻ അവസരം നിഷേധിക്കലാണ്. ഒരുതരം പ്രോസ്റ്റിറ്റ്യൂഷൻ...."-അഞ്ജന പൊട്ടിത്തെറിക്കും മട്ടിലാണിതു പറഞ്ഞത്. | </p> |
| <p> | "ചേച്ചീ, അതിനൊരു സുഖമുണ്ട്. പരസ്പരം ബാദ്ധ്യതയുണ്ടാക്കാത്തവിധം ജീവിക്കുന്നതിന്. വേണ്ടെന്നു തോന്നുമ്പോൾ ബൈ പറയും. കമിറ്റ്മെന്റ് ഉണ്ടാവാത്ത അവസ്ഥ മെന്റൽപീസ് തരും." | </p> |
| <p> | "എത്രമാത്രം മനസ്സമാധാനം തരുമെന്ന് അങ്ങനെ ജീവിച്ചിട്ടുള്ളവർക്കല്ലേ പറയാൻ കഴിയൂ. വെറുതെ | </p> |

| | | |
|---|---|---|
| | ചർച്ചചെയ്താൽ എങ്ങനെയറിയാൻ പറ്റും?”- ബിനോയ് പറഞ്ഞു: | |
| <p> | “ഞാൻ മാര്യേജിനെ നിഷേധിക്കുന്നില്ല. എന്നാൽ മരണംവരെ പരസ്പരം കലഹിച്ച് ജീവിക്കണമെന്നും പറയുന്നില്ല. റീസണബിൾ ഗ്രൌണ്ടിൽ ഡൈവോഴ്സ് ചെയ്യാൻ അവസരം ഉണ്ടാകണം.....” | </p> |
| | | |
| <p> | ഞാൻ അദ്ദേഹത്തിന്റെ സ്നേഹജ്ജ്വാലകളിലേക്കു വീണുകൊണ്ടേയിരിക്കുന്നു. കത്തിയമരും എന്നറിയാം. എങ്കിലും വീണുകൊണ്ടേയിരിക്കുന്നു. അതിൽ നിന്നും മോചനം ഉണ്ടാകില്ലെന്നും അറിയാം. തീയിൽ പതിക്കുന്നതിന്റെ വേദനയും നീറ്റലും അനുഭവിച്ചുകൊണ്ടുതന്നെ ഞാൻ അഗ്നിയിൽ എരിഞ്ഞുതീരാൻ സമ്മതിച്ചുകൊടുത്തിരിക്കുന്നു. സത്യത്തിൽ ജീവിതത്തെക്കുറിച്ച് എനിക്കെന്തറിയാം? പ്രത്യേകിച്ച് ഒന്നും അറിയില്ല. ജീവിതത്തിൽ ആദ്യത്തെ പന്ത്രണ്ടു വർഷങ്ങളിൽ ഞാൻ ആരാലും അറിയപ്പെടാതിരുന്ന, സമൂഹം അറിയാതിരുന്ന ഒരു കുട്ടിയായിരുന്നു. മറ്റ് ഏതൊരു പെൺകുട്ടിയേയുംപോലെ. അതിനുശേഷം കൌമാരം വന്നു. പതിനഞ്ചു വയസ്സുവരെ ഞാൻ ഒരു ഗേൾസ്സ്കൂളിൽ യൂണിഫോമിൽ ക്യൂ നിന്ന നൂറുക്കണക്കിനു കുട്ടികളിൽ ഒരാൾ ആയിരുന്നു. പിന്നീട് കോളേജിൽ. | </p> |
| <p> | കഴിഞ്ഞ മൂന്നോ നാലോ വർഷത്തിനിടയിൽ മാത്രം ഉണ്ടായ സാമൂഹ്യബന്ധങ്ങളും മനുഷ്യപരിചയവുമേ എനിക്കുള്ളു. അതിനിടയിലാണ് ഞാൻ അദ്ദേഹത്തെ പരിചയപ്പെടുന്നത്. ആ പരിചയം എന്നന്നേക്കും ഒന്നായിത്തീരുന്ന ഒരു ബന്ധമായി അവസാനിക്കുവാൻ പോകുകയാണെന്നു തോന്നുന്നു. സാമൂഹ്യരീതിവച്ചു നോക്കിയാൻ ഞാൻ കാണിക്കുന്നത് അവിവേകമാണ്. അദ്ദേഹത്തിന് വളരെ സുന്ദരിയായ ഒരു ഭാര്യയും രണ്ടു പെൺമക്കളും ഉണ്ട്. എനിക്ക് അദ്ദേഹം എഴുതുന്നു. | </p> |
| <p> | “നീ എനിക്ക് എല്ലാമാണ്. തീവ്രമായ ജീവിതസ്നേഹം തരുന്നു. അതേസമയംതന്നെ ചിലപ്പോൾ മരണത്തിനിടയാക്കാൻ സാദ്ധ്യതയുള്ള മരണഹേതുവായി തീരാനിടയുള്ള ഒരാൾ.” | </p> |
| <p> | “ഞാൻ ഒരു ചെറിയ കുട്ടിയാണ്. എന്നോട് അങ്ങനെയൊന്നും പറയരുത്. എന്റെ തലച്ചോറിന് അങ്ങു പറയുന്നതൊന്നും താങ്ങാൻ ശേഷിയില്ല.” | </p> |
| <p> | “നീ എന്റെ രക്തത്തിൽ അലിഞ്ഞൊഴുകണം. എപ്പോഴും എന്നെ സങ്കടപ്പെടുത്തിക്കൊണ്ടിരിക്കണം. ഞാൻ വേദനയോടെ, ദുഃഖത്തോടെ നിന്നെ സ്നേഹിക്കുന്നു.” | </p> |
| <p> | എന്റെ ബിൻസിക്ക്, ബിൻസിക്ക്, ബിൻസിക്ക്.... എന്ന് എഴുതിയെഴുതി അദ്ദേഹം പേജുകൾ നിറയ്ക്കുന്നു. | </p> |
| <p> | സ്നേഹമെന്നാൽ ഉയർന്നതരം ഭ്രാന്താണെന്ന് എനിക്ക് അറിയുമായിരുന്നില്ല. | </p> |
| <p> | താളംതെറ്റിയ മനസ്സിൽനിന്നെന്നപോലെ പുറപ്പെട്ടുവരുന്ന ഭ്രാന്തമായ സ്നേഹം ഞാൻ ആദ്യമായാണ് കാണുന്നത്. അതെന്നെ മൂടുവാൻ പോകുന്നു. ഞാൻ പേടിയോടെ നോക്കിനിൽക്കുന്നു. | </p> |

| | | |
|---|---|---|
| | പേടിപ്പെടുത്തുമ്പോഴും അത് തൃപ്തിയും സുഖവും തരുന്നു. ഞാൻ അത് നുകരുന്നു. ഞാൻ ആ സ്നേഹത്തിൽ നിറഞ്ഞുപോകുന്നു. തുളുമ്പി വീഴുന്നു. അദ്ദേഹം മറ്റൊരു പുരുഷനും മറ്റ് ഒരുപാട് പേർക്ക് അവകാശപ്പെട്ടവനുമാണെന്ന കാര്യം ഞാൻ സൌകര്യപൂർവ്വം മറക്കുന്നു. ഞാൻ എല്ലാം മറന്നവളായി മാറുന്നു. സ്നേഹം കൊണ്ട് ഞാൻ അന്ധയും മൂകയുമായിത്തീരുന്നു. സ്നേഹത്തിന്റെ ഭാഷയായിരിക്കും അന്ധർക്കും മൂകർക്കും ഉള്ളത്. അങ്ങനെത്തന്നെ വിശ്വസിപ്പിക്കുകയും ചെയ്യുന്നു. അദ്ദേഹം എന്നെ ആശ്വാസംകൊണ്ടു പുതപ്പിക്കുന്നു. ഞാൻ പറ്റിച്ചേരുന്നു. അദ്ദേഹം പ്രേമം കൊണ്ട് എന്റെ വായ് മൂടുന്നു. അദ്ദേഹം എനിക്ക് വാക്കുകളിലൂടെയും സ്നേഹം പകരുന്നു. പക്ഷേ, എന്റെ കൊച്ചുശരീരത്തിന്റെ രഹസ്യങ്ങൾ അദ്ദേഹം കണ്ടെത്താൻ ശ്രമിക്കുമ്പോഴൊക്കെ ഞാൻ കരഞ്ഞുകരഞ്ഞ് അത് നിരുത്സാഹപ്പെടുത്തുന്നു. എന്റെ ഭംഗിക്കു മുന്നിൽ അവൻ മോഹാലസ്യപ്പെട്ടു വീഴുന്നു. ഭയംകൊണ്ടുമാത്രം ഞാൻ അവന്റെ കൈകളെ വിലക്കുന്നു. | |
| <p> | എന്നെക്കാൾ വളരെ പ്രായക്കൂടുതലുള്ള അദ്ദേഹത്തെ കത്തുകളിലൂടെ ഞാൻ അവൻ എന്നു വിളിക്കുന്നു. എന്നാൽ നേരിട്ട് ഒന്നും വിളിക്കുകയുമില്ല. അവൻ എന്റെ കാൽക്കൽ വീഴും ചിലപ്പോൾ. അത്ര സ്നേഹംകൊണ്ട് എന്നെ വീർപ്പുമുട്ടിക്കുകയും അതിശയിപ്പിക്കുകയും ചെയ്യും. | </p> |
| | | |
| <p> | പഠിക്കുന്ന കാലത്ത്, ലോകത്തിനുതന്നെ അൺഫിറ്റാണെന്ന ചിന്തയിൽ അലഞ്ഞുനടക്കുകയായിരുന്നുവത്രെ. ആത്മഹത്യയ്ക്കുപോലും ശ്രമിച്ചിരിക്കുന്നു പലതവണ. വിപ്ലവവും ആവേശവുമുള്ള പല സ്നേഹിതരും പപ്പയ്ക്ക് ഉണ്ടായിരുന്നു. കവികളും പെയിന്റർമാരും ഒക്കെയായിരുന്നു പപ്പയ്ക്ക് കൂട്ട്. പപ്പയുടെ ഹോസ്റ്റൽമുറിയിൽ രാവെളുക്കുവോളവും ചർച്ചയും ബഹളവും ഉണ്ടാകും. അതൊക്കെ പഴയ കാലം. ഞങ്ങളുടെ ഹോസ്റ്റൽമുറിയിൽ മറ്റൊരാളിനിഷ്ടമല്ലാതെ ആരു അധികനേരമിരിക്കാറില്ല. ഞാൻ ഉറക്കം വരുന്നെന്നു സൂചിപ്പിച്ചാൽ ഹരികൃഷ്ണനും ജോൺസണുമൊക്കെ അപ്പഴേ എഴുന്നേറ്റു പൊയ്ക്കളയും. പപ്പയുടെ ഹോസ്റ്റൽമുറിയിൽ എത്രപേരാണെന്നോ അന്തിയുറങ്ങിയിരുന്നത്! പപ്പ ഒരിക്കലും കട്ടിലിൽ കിടന്നിരുന്നില്ലത്രെ. എപ്പഴും ധാരാളം സന്ദർശകരും അതിഥികളും ഉണ്ടായിരിക്കും. രാവെളുക്കുവോളവും മദ്യപാനവും. കവിത, ഭ്രാന്തുപിടിച്ച അവർക്ക് ആശ്വാസമായിരുന്നു. എല്ലാവരിലും ഒരു കവി ജീവിച്ചിരുന്നു. പരസ്പരം സ്നേഹിച്ചിരുന്നു. കവിത ദൈവത്തെപ്പോലെ അവരോടു വാത്സല്യം കാണിച്ചു. ചൊല്ലിയും ചൊല്ലിക്കേട്ടും അവർ കരഞ്ഞു. | </p> |
| <p> | എന്നാൽ സമയം കളഞ്ഞ് വായനയിലേക്കു ബുദ്ധിമുട്ടി കടന്നു ചെല്ലാൻ ആരുമില്ലിപ്പോൾ. വായിക്കുന്നവർ | </p> |

| | | |
|---|---|---|
| | കുറഞ്ഞതുകൊണ്ടാവില്ല. വായനക്കാർ വളരെ സെലക്ടീവ് ആയിരിക്കുന്നു. നമ്മുടേത് സ്പെഷ്യലൈസേഷന്റെ കാലവുമാണല്ലോ. എൻറെ കാര്യംതന്നെയെടുക്കാം. ചെറുപ്പത്തിൽ ഞാൻ കൈയിൽ കിട്ടുന്ന എന്തുമെടുത്തു വായിക്കുമായിരുന്നു. ആ രീതി മാറ്റിക്കളിഞ്ഞു. അങ്ങനെ വായിച്ചിട്ട് പ്രത്യേക പ്രയോജനമൊന്നും ഉണ്ടാകുകയില്ലെന്നു ബോദ്ധ്യമായിരിക്കുന്നു. | |
| <p> | ഞാൻ വലിച്ചുവാരി വായിക്കുകയില്ല. വളരെ സെലക്ടീവായത് എന്നുമുതൽക്കാണെന്ന് നല്ല ഓർമ്മയില്ല. എന്നോ ഒരിക്കൽ വായനയുടെ ഒരു ഗതിയിൽ ഒരു തിരിവിൽവച്ച് മാറ്റം സംഭവിച്ചു. വേഷവിധാനത്തിൽ വന്ന മാറ്റംപോലെ. | </p> |
| <p> | പപ്പയുടെ കാലത്ത് കാമ്പസിൽ അല്പം കവിതയും വിപ്ലവവും ആദർശവും ഒക്കെയുള്ളവർക്ക് വലിയ മതിപ്പായിരുന്നുവത്രെ. എന്റെ കാലത്ത് അങ്ങനെയുള്ള നാണയങ്ങൾ ഒന്നും എടുക്കാതായി. അതിനു വിലയുമില്ല. നമ്മുടെ ചിന്തകർക്കും സാംസ്കാരികനായകന്മാർക്കും ഒന്നും ആളുകളെ സ്വാധീനിക്കാൻ കഴിയാതായിരിക്കുന്നു. അതിനു പറ്റിയ മാനസികാവസ്ഥയിലല്ല അവർ. അതുകൊണ്ടുകൂടിയായിരിക്കും പുതിയ തലമുറ ബുദ്ധിജീവികളിലേക്കു തിരിയാത്തത്. ഭക്ഷണരീതിപോലും മാറിക്കഴിഞ്ഞല്ലോ. | </p> |
| <p> | കോളേജിൽ പഠിക്കുമ്പോൾ പപ്പ ഉച്ചക്കലത്തേക്ക് ഊണു പൊതിഞ്ഞുകൊണ്ടു പോകുമായിരുന്നത്രെ. ഞങ്ങൾക്ക് അതിനെക്കുറിച്ച് ചിന്തിക്കുവാൻതന്നെ കഴിയുന്നില്ല. | </p> |
| <p> | ഹരികൃഷ്ണനും ജോൺസണും മാറ്റിനിക്കു പോയിരിക്കുകയാണ്. സന്ധ്യയ്ക്കേ വരൂ. ഒരുതരത്തിൽ അതു സുഖം തന്നെ. ഒറ്റയ്ക്കു കുറെ നേരം കഴിയാമല്ലോ. മമ്മിയുടെ കത്തു വന്നിരുന്നു. മമ്മി എഴുതിയതൊക്കെ വായിച്ചപ്പോൾ സ്വസ്ഥത നഷ്ടമായി. ഏറ്റവും പ്രധാന വിവരം വീട്ടിലെ രണ്ടു പൂവൻകോഴികളെ ആരോ കൊന്നിട്ടിരിക്കുന്നു. പുതിയവീട്ടിൽ താമസമാക്കിയിട്ട് ഏതാണ്ട് അഞ്ചുവർഷമായി. അതിനിടയ്ക്ക് ഒരു മോഷണവും നടന്നിട്ടില്ല. പക്ഷേ, കഴിഞ്ഞയാഴ്ച രാത്രിയിൽ കോഴിക്കൂട്ടിൽ രണ്ടു പൂവനും ചത്തുകിടക്കുന്നു. ആരോ വിഷം വച്ച് കൊന്നതായിരിക്കും, സംശയമില്ല. എങ്കിലും പൂവനെമാത്രമായി എങ്ങനെ കൊന്നുകളഞ്ഞു? മോഷ്ടാക്കളാണെങ്കിൽ അവർ കോഴികളെ തട്ടിക്കൊണ്ടുപോകേണ്ടതല്ലേ? അപ്പോൾ മോഷ്ടാക്കളല്ല എന്നു വരുമോ? മമ്മി എഴുതിയിരിക്കുന്നതീവിധമാണ്: | </p> |
| <p> | മോഷ്ടിക്കാൻ ആരും വന്നു കാണില്ല എന്നു മമ്മിക്കു പൂർണ്ണബോധ്യം. പിന്നെ എങ്ങനെ നടന്നുവെന്ന് ഒരു എത്തും പിടിയും കിട്ടുന്നില്ല. രാത്രിയിൽ വീട്ടിൽ ആരെങ്കിലും കയറിയാൽ ശബ്ദവും ബഹളവും ഒക്കെ കേൾക്കേണ്ടതല്ലേ? നന്നായി കുരയ്ക്കുന്ന രണ്ടു പട്ടികൾ വീട്ടിലുണ്ട്. മാത്രവുമല്ല, കോഴിക്കൂട് പരിചയമില്ലാത്തവർക്ക് പെട്ടെന്നു കണ്ടെത്താനും കഴിയില്ല. | </p> |
| | | |
| <p> | വീട്ടിൽ വന്നു കയറിയപ്പോൾ മഴ നനഞ്ഞതു കാരണം ചെറിയ ചൂടും പനിയും ഉണ്ടായി. അമ്മയോടു രഹസ്യമായി | </p> |

| | | |
|---|---|---|
| | പിച്ചമേശിരിയെക്കുറിച്ചു പറഞ്ഞു. എന്തൊരഹങ്കാരമാണയാൾ കാണിച്ചത്! ചെന്നു ചോദിക്കണമെന്നും പറഞ്ഞു. | |
| <p> | അപ്പോൾ അമ്മ പറഞ്ഞു: "ഹിന്ദുക്കൾക്ക് ഭയങ്കര വിശ്വാസമുള്ള ഒരു പാറയാണ്. അതിശയങ്ങൾ ഒക്കെ അതിന്റെ മുകളിൽ നടക്കാറുണ്ട്. നിനക്കു ചെലപ്പം അങ്ങനെ തോന്നിയതായിരിക്കും. അവിടെ പിച്ചയും വെള്ളയും ഒന്നും ഉണ്ടായിരിക്കില്ല. നിന്റെ പ്രായത്തിലെ പെൺപിള്ളാർക്ക് ചിലപ്പോൾ അങ്ങനെയാക്കെ തോന്നുമായിരിക്കും- എന്നൊക്കെ." പിന്നെ ഞാൻ ആ കുറുക്കുവഴിയിലൂടെ പോയിട്ടേയില്ല. അന്ധവിശ്വാസം കണ്ടും കേട്ടും വളർന്ന എനിക്ക് ജോസിന്റേതിനേക്കാൾ അന്ധവിശ്വാസങ്ങൾ നിറയേണ്ടതാണ്.. എന്നാൽ ദൈവകൃപയാൽ ഞാൻ അങ്ങനെയായില്ല. ജോസാവട്ടെ എപ്പഴും അന്ധവിശ്വാസത്തിന്റെ പിടിയിലാണ്. ഉപബോധമനസ്സിൽ അങ്ങനെയൊക്കെ കിടക്കുന്നതുകൊണ്ടല്ലേ ഓരോന്നും വിളിച്ചുപറയുന്നത്? | </p> |
| <p> | കിണറ്റിൻ കരയിൽ നിന്നിട്ട് സമയം പോയതറിഞ്ഞില്ല. സൂസി വീട്ടിലേക്കു കയറിപ്പോകാൻ എഴുന്നേറ്റു. അപ്പോൾ വീണ്ടും മുളങ്കാടുകൾ കണ്ടു. | </p> |
| <p> | കാറ്റിൽ ഉലയുന്നു. | </p> |
| <p> | എന്തുകൊണ്ടോ ജോസ് ജനാലകൾ തുറന്നിട്ടില്ല. കാറ്റ് മുളങ്കൂട്ടങ്ങളിൽനിന്നു പുറപ്പെടുന്നു. സർക്കാർ പുറംപോക്കിലാണ് മഞ്ഞമുളകൾ വളർന്നുനില്ക്കുന്നത്.ചിലത് ആകാശം മുട്ടെ നിൽക്കുന്നു. അപ്പോഴാണ് താഴെ ചെറിയ മുളകൾക്കുമേൽ, കനംകുറഞ്ഞു നീണ്ട ഇലകൾക്കുമേൽ കുലകൾകണക്കെ പൂക്കൾ. മുള പൂത്തുനില്ക്കുന്നു! | </p> |
| <p> | ദൈവമേ.... | </p> |
| <p> | സൂസിയുടെ കൈയിൽനിന്നും രണ്ടു നാരങ്ങകളും താഴെ വീണു. അങ്ങനെ മുളകൾ പൂക്കുവാൻ തുടങ്ങി. സൂസിയും മുളകൾ പൂക്കുന്നത് ആദ്യമായി കാണുകയാണ്. പതിവില്ലാത്ത കാഴ്ചയിൽ സൂസി മയങ്ങി. ആരോടൊക്കെയോ വിളിച്ചുപറയണമെന്നു തോന്നി. എന്തുചെയ്യണമെന്നും അറിയില്ല. ജോസ് ജനലുകൾ തുറക്കാതിരുന്നാൽ മതിയായിരുന്നു. നാശത്തിന്റെ ലക്ഷണങ്ങൾ കാറ്റിൽ അനങ്ങുന്നു. | </p> |
| <p> | സൂസി മുറ്റത്തുനിന്നും കയറിപ്പോയില്ല. പോകാൻ മനസ്സുവന്നില്ല. അങ്ങനെ നിന്നുപോയി. ബിൻസി വരുമ്പോൾ അവളോടു സംസാരിക്കാം. മുള പൂത്തതുതന്നെ എന്തുചെയ്യും? കണ്ണുകളെ വിശ്വസിക്കാനാവുന്നില്ല. കൂടുതൽ നേരം മുറിക്കു പുറത്തുതന്നെ സൂസി കഴിച്ചുകൂട്ടി. ജോസ് പതിവില്ലാത്ത പകലുറക്കത്തിലായിരുന്നു. ജനലുകൾ ഒരിക്കൽപ്പോലും അയാൾ തുറന്നില്ല. | </p> |
| <p> | മുള പൂക്കുന്നതിനെക്കുറിച്ച് ജോസ് എത്രയോ കാലമായി അന്വേഷിച്ചുകൊണ്ടിരിക്കുന്നു! നോക്കിയിരിക്കുന്നു! രോഗിയായ തന്റെ അന്ത്യം മുളയുടെ നാശവുമായി ബന്ധപ്പെട്ടതാണെന്ന് അയാൾ കരുതി. മുള പൂക്കുന്നതോടെ നാട്ടിൽ പഞ്ഞവും | </p> |

| | | |
|---|---|---|
| | പട്ടിണിയും വരും. മുളകളും പൂത്ത് മണ്ണടിയും. ഓർത്തും സങ്കടപ്പെട്ടും ജോസ് മുറിക്കുള്ളിൽ കഴിച്ചുകൂട്ടി. | |
| <p> | പതിവിലും വൈകി അഞ്ജനയ്ക്കൊപ്പമാണ് ബിൻസി കോളേജിൽ നിന്നും വന്നത്. രണ്ടുപേരും കറുത്തു കരുവാളിച്ചിരിക്കുന്നതായി സൂസിക്കു തോന്നി. ഒരുപക്ഷേ, തോന്നൽ മാത്രമായിരിക്കും. അല്ലെന്നു തീർച്ച. ബിൻസി ആകെ വാടിത്തളർന്നു കാണപ്പെട്ടു. | </p> |
| <p> | “രണ്ടാളും എവിടെവച്ചു കണ്ടു?” സൂസി ചോദിച്ചു. | </p> |
| <p> | “ബസ്സിൽ---” അഞ്ജനയാണു മറുപടി പറഞ്ഞത്. വലിയ പുത്തൻ പുരയിൽ എന്ന ബസ്സിൽ രണ്ടുപേരും മുൻകൂട്ടി നിശ്ചയിച്ചതിൻ പ്രകാരം കയറി. സ്കൂൾപടിക്കൽനിന്നാണ് അഞ്ജന ബസ്സിൽ കയറിയത്. ബസ്സിൽ ‘മഹിളകൾ’ എന്ന് വലിയ അക്ഷരത്തിൽ എഴുതിയ ബോർഡിനു കീഴെ പുരുഷന്മാർ നിരന്നിരുന്നതു കാരണം രണ്ടാളും കാൽമണിക്കൂറോളം നിന്നാണ് യാത്രചെയ്തത്. സീറ്റു കിട്ടിയിരുന്നുവെങ്കിൽ ബസ്സിൽവച്ചുതന്നെ ബിൻസിയുടെ പ്രശ്നത്തിനു മറുപടി പറയാൻ സാധിക്കുമായിരുന്നു. അതു കഴിഞ്ഞില്ല. അതുകൊണ്ട് ബസ്സിറങ്ങി വളരെ പതുക്കെ രണ്ടാളും സംസാരിച്ചുകൊണ്ടു വരികയായിരുന്നു. | </p> |
| | | |
| <p> | ചന്ദ്രശേഖരൻപിള്ളയുടെ വെള്ള ടെറിക്കോട്ടൻ ഷർട്ടിന്റെ പോക്കറ്റിൽ കിടന്ന് പേജർ ശബ്ദിച്ചു. സമാധാനം തരില്ല എന്നമട്ടിൽ ചന്ദ്രശേഖരൻപിള്ള ആ മെസ്സേജ് അവഗണിച്ച് ബിനോയിയെ കൂടുതൽ ശ്രദ്ധിച്ചു. | </p> |
| <p> | “മാത്രവുമല്ല നമ്മൾ ഹിന്ദു സെന്റിമെന്റിസിനെ സേഫ്ഗാർഡ് ചെയ്യേണ്ടേ? മുള മുറിക്കുക എന്നത് വളരെ നിസ്സാരമായിരിക്കാം. അതിന്റെ പിന്നിലെ കൾച്ചറൽ ഹേറിറ്റേഡിനെ അവഗണിക്കാൻ പറ്റുകയില്ല. ” | </p> |
| <p> | ബിനോയ് യാത്രപറഞ്ഞെഴുന്നേറ്റു. | </p> |
| <p> | ചന്ദ്രശേഖരൻപിള്ള തലകുലുക്കി. | </p> |
| <p> | ബിനോയ് നിരാശനായാണ് വീട്ടിൽ ചെന്നു കയറിയത്. ചുരുങ്ങിയത് മൂവായിരം രൂപയുണ്ടെങ്കിൽ മാത്രമേ പണിക്കാരെ കിട്ടുകയുള്ളൂ. അതും ആലോചിച്ചേ പറ്റൂ എന്നായിരുന്നുവല്ലോ ചന്ദ്രശേഖരൻപിള്ളയുടെ മറുപടി. | </p> |
| <p> | സൂസി മകനെ ആശ്വസിപ്പിച്ചു. | </p> |
| <p> | വരുന്നതുവരട്ടെ പപ്പ ജന്നൽ തുറക്കാതിരിക്കാൻ നമുക്ക് എന്തേലും ചെയ്യിക്കാം. അതുവരെ ബിനോയ് പപ്പയ്ക്കടുത്ത് മുറിയിൽ സമയം ചെലവാക്കുന്നതിന് നിശ്ചയിച്ചു. കുറെനേരം മുറിക്കുള്ളിൽ ബിനോയ് പപ്പയെ നോക്കിയിരുന്നു. പക്ഷേ, ജോസ് നല്ല ഉറക്കത്തിലായിരുന്നു. | </p> |
| <p> | വൈകിട്ട് അഞ്ജന വന്നു കയറുമ്പോൾ ബിനോയിയും സൂസിയും മുറ്റത്തുതന്നെ ഉണ്ടായിരുന്നു. ബിനോയി ബിൻസിയെ കാത്തിരിക്കുകയായിരുന്നു. കുറച്ചുദിവസമായി അഞ്ജന എല്ലാവരിൽനിന്നും ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നത് സൂസി ശ്രദ്ധിക്കുന്നുണ്ട്. എന്താണു കാരണം എന്നു മനസ്സിലാകുന്നില്ല. | </p> |

| | | |
|---|---|---|
| | തന്റെ ഭാഗത്തുനിന്നും ഒരു തരത്തിലുള്ള മോശമായ പെരുമാറ്റവും ഉണ്ടായിട്ടില്ല എന്ന കാര്യത്തിൽ സൂസിക്ക് പരിപൂർണ്ണ വിശ്വാസവുമുണ്ട്. | |
| <p> | അഞ്ജന വെറുതെ ചിരിച്ചുംകൊണ്ട് അകത്തേക്കു കയറി. പെരുമാറ്റത്തിലെ അസ്വാഭാവികത ബിനോയിയും ശ്രദ്ധിച്ചു. ഒന്നും മനസ്സിലാവുന്നില്ല. ബിൻസി വരുന്നതും കാത്ത് മുറ്റത്തുതന്നെ നിന്നു. | </p> |
| <p> | സന്ധ്യയായിട്ടും ബിൻസി വന്നിട്ടില്ല എന്ന് അഞ്ജനയ്ക്കു മനസ്സിലായി. അപ്പോൾ മുതൽ അവൾക്ക് സമാധാനക്കേട്. വീട്ടിൽ ഉണ്ടാകുന്ന ഭൂകമ്പം അവൾക്ക് സങ്കല്പിക്കാവുന്നതേയുള്ളു. ക്രിസ്മസ് അവധിയാണ്. വേണമെങ്കിൽ കണ്ണൂർക്ക് പോകാമായിരുന്നു. എന്നാലും അഞ്ജന വേണ്ടെന്നുവച്ചു. എല്ലാ അവധിക്കും സ്കൂൾ പൂട്ടുന്ന ദിവസംതന്നെ വൈകിട്ടത്തെ ട്രയിനിൽ തിരിക്കുകയാണു പതിവ് . പതിവു തെറ്റിച്ചു. നാളെ തിരിക്കാമെന്നായി തീരുമാനം. സന്ധ്യ ഒരു പ്രശ്നമായേക്കും. | </p> |
| <p> | ബിൻസി പറഞ്ഞപോലെ പറ്റിച്ചു. ആദ്യദിവസത്തെ ഭൂകമ്പം അവൾ ബുദ്ധിപൂർവ്വം പരിഹരിച്ചിരിക്കുന്നു. ഏതോ ഒരു ഫ്രണ്ടിന്റെ പേരും പറഞ്ഞ് അവിടെ നിന്നും വിളിക്കുന്നു എന്ന മട്ടിൽ കള്ളഫോൺ. ഫോൺനമ്പർ കൊടുത്തത് അവൾ അയാളോടൊപ്പം താമസിക്കുന്ന വീട്ടിലേതായിരിക്കും. തിരികെ വീട്ടിൽനിന്നു വിളിച്ചാലും കുഴപ്പമില്ലല്ലോ. സൂസി അവളെ കുറെ വഴക്കു പറഞ്ഞെന്നു തോന്നുന്നു; പറയാതെ പോയതിന്. രാവിലെതന്നെ തിരികെ എത്താമെന്നായിരുന്നു ബിൻസിയുടെ മറുപടി. നാളെയും അവൾ വരുമെന്നു തോന്നുന്നില്ല. അവൾ ലൈഫ് സ്പോയ്ൽ ചെയ്യാൻ തീരുമാനിച്ചാൽ പിന്നെ എനിക്കെന്തു ചെയ്യാൻ കഴിയും? അടുത്ത ദിവസം വൈകിട്ട് നാട്ടിലേക്കു തിരിക്കാൻ അഞ്ജന തീരുമാനിച്ചു. ബിൻസിയെക്കുറിച്ച് എന്തെങ്കിലും മമ്മി തന്നോടന്വേഷിക്കുമോ എന്നും ഭയപ്പെട്ടു. എന്നാൽ അതുണ്ടായില്ല. | </p> |
| <p> | ബിനോയ് വന്നതുകൊണ്ടാവാം ബിൻസിയുടെ അഭാവം അവർ അത്ര കാര്യമാക്കിയിട്ടില്ല. ബിൻസി വീട്ടിലേക്കു ഫോൺ ചെയ്തുകൊണ്ടിരുന്നു. ഭാര്യയേയും മക്കളേയും തനിക്കുവേണ്ടി അയാൾ ഭാര്യാവീട്ടിൽ കൊണ്ടാക്കിയിരിക്കുകയാണെന്ന് ബിൻസി വിശ്വസിക്കുന്നു. വിശ്വാസം അവളെ രക്ഷിക്കട്ടെ. നല്ല നാടകത്തിനു കർട്ടൻ വീഴാതിരിക്കാൻ പ്രാർത്ഥിക്കുന്നു. ഒരു ദിവസം കൂടി മാത്രമേ പരമാവധി ബിൻസിക്ക് നാടകം നടത്തിക്കൊണ്ടുപോകുവാൻ കഴിയൂ. ഏതു നിമിഷവും അതു പൊളിയാൻ സാദ്ധ്യതയുണ്ട്. ഒരു പ്രേതകഥയിലെ വീടുപോലെയാണ് ബിൻസിയുടെ വീടെന്ന് അഞ്ജനയ്ക്കു തോന്നി. | </p> |
| | | |
| <p> | ബിനോയ് തന്റെ തീരുമാനം മാറ്റുകയില്ല. അവരുടെ സഭാവസ്ത്രം സ്വീകരിക്കാൻ തീരുമാനിച്ചു കഴിഞ്ഞു. പപ്പയോടു വിവരം പറഞ്ഞു അവൻ. ഒരെതിരും പറഞ്ഞില്ലത്രെ. ഓരോരുത്തരുടെ മനോവ്യാപാരങ്ങൾ ആരറിയുന്നു! സൂസി വളരെ | </p> |

| | | |
|---|---|---|
| | ഉലഞ്ഞിരിക്കുന്നു. | |
| <p> | രാത്രിയിൽ നല്ല മഴ പെയ്തേക്കുമെന്നു തോന്നി. സന്ധ്യ വന്നു കയറി. സന്ധ്യയ്ക്കു കരച്ചിൽ രാപാർക്കാനെത്തുമെന്നോർത്ത് അഞ്ജന ദുഃഖിച്ചുകൊണ്ടിരുന്നു. | </p> |
| <p> | വീട്ടുകാരെ കബളിപ്പിക്കാനായി ബിൻസി ഒരിക്കൽക്കൂടി ഫോൺ ചെയ്യുന്നതു കേട്ടു. ബിനോയിയാണ് ഫോൺ എടുത്തത്. കഷ്ടം ആങ്ങളെയെയും അവൾ പറ്റിക്കുന്നു. എന്തൊക്കെയോ ഉറക്കെ ബിനോയ് മറുപടി പറയുന്നു. അറിയാത്ത അദ്ഭുതങ്ങളും ഉന്മാദവും കാരണം അവൾ വിളിക്കുന്നതാവാം. ഏതായാലും ഫേണിൽ തന്നെ തിരക്കാത്തത് ആശ്വാസം. ഫോണിലൂടെ ഒരു നാടകത്തിനു വയ്യ. ഏതായാലും വിഷമം അറിയാത്ത വീട്ടുകാർക്ക് ഒരു രാത്രികൂടി, ഗുഡ്നൈറ്റ് പറഞ്ഞു അവർ. | </p> |
| <p> | മഴ തുടങ്ങിയപ്പോൾ അഞ്ജന ജനൽ തുറന്നു. റോഡിൽ തെരുവിളക്കുകൾ അണഞ്ഞിട്ടില്ല. രാത്രി പന്ത്രണ്ടു കഴിഞ്ഞാൽ അതു കെട്ടുപോകും. മഴ മുളങ്കാട്ടിൽ നിന്നാണ് പുറപ്പെടുന്നത്. അഞ്ജനയ്ക്ക് മുളങ്കാടുകളെ ഭയമില്ല. തന്നേക്കാൾ അധികം ഉയരത്തിൽ നില്ക്കുന്ന മുളമ്പൂക്കളും കണ്ടിരുന്നു. ആറോ ഏഴോ കുലകൾ. പാമ്പുകളെയും പഴയ വിശ്വാസത്തെയും ഓർത്ത് ഒരു വെട്ടുകത്തിയുമായി അതിനകത്തുകടക്കാൻ പലർക്കും ഭയമാണ്. ഭയം മൂടി എല്ലാവരും ഉറങ്ങാൻ തുടങ്ങിയിരിക്കുന്നു. | </p> |
| <p> | രാത്രിയിൽ എപ്പഴോ സൂസി ഞെട്ടിയുണർന്ന് ലൈറ്റിട്ടു. എന്തോ ശബ്ദം കേൾക്കുന്നു. എന്താണെന്നു മനസ്സിലായില്ല. പട്ടികൾ നിർത്താതെ കുരയ്ക്കുന്നു. ആരോ ഓടിമറയുന്ന ശബ്ദംപോലെ. ബിനോയ് നിരുത്സാഹപ്പെടുത്തി. മമ്മിയുടെ ഓരോ തോന്നലുകളായിരിക്കും. അടങ്ങിക്കിടക്കാൻ പറഞ്ഞു അവൻ. ഏതോതരം സമാധാനക്കേട് തന്റെ വീടിനെ വലംവച്ചുകൊണ്ടിരിക്കുന്നതായി അവനു തോന്നി. ഏതു നിമിഷവും മുറിഞ്ഞുപോകാവുന്ന ഒരു കയർ കെട്ടി അതിലൂടെ താനും ബിൻസിയും മമ്മിയും പപ്പയും നടന്നുപോകുന്നു. എന്തൊരു ഗതികേടാണിത് ! | </p> |
| <p> | പുസ്തകങ്ങളിൽനിന്നും കിട്ടാവുന്നതൊക്കെ മനസ്സിലാക്കുവാൻ ശ്രമിച്ചു. ജീവിതത്തിന് ഒരർത്ഥം വേണമെന്ന് തോന്നിയപ്പോഴാണ് മിഷനറി സംഘവുമായി ബന്ധപ്പെട്ടത്. ഒരു പൊട്ടിത്തെറി ഭയന്നാണ് നേരത്തെ വീട്ടിൽ വിവരം അറിയിക്കാഞ്ഞത്. തീരുമാനം താൽക്കാലികമായി ആർക്കും വിഷമം ഉണ്ടാക്കുമെങ്കിലും ഭാവിയിൽ അഭിമാനിക്കാവുന്ന ഒരു ജീവിതത്തിനുടമായായിരിക്കും താൻ എന്നതിൽ ഒട്ടും സംശയം വേണ്ട. | </p> |
| <p> | ഹരികൃഷ്ണനും ജോൺസണും നിരുത്സാഹപ്പെടുത്തുന്നു. എന്നാൽ ജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ചൊക്കെ ചോദിക്കുമ്പോൾ അവരെല്ലാം ഉരുണ്ടുകളിക്കും. തന്നെ സംബന്ധിച്ചിടത്തോളം ജീവിതത്തിന് ലക്ഷ്യവും അർത്ഥവും വേണം. പപ്പയുടെ തലമുറയ്ക്ക് അതില്ലായിരുന്നു. അതിന്റെ വേദനയും നീറ്റലും അവർ ആവോളം അനുഭവിച്ചു. മരണം വരെ ഒരു ബാധപോലെ | </p> |

| | | |
|---|---|---|
| | അതു പിന്തുടരും. പപ്പതന്നെ ഒന്നാന്തരം ഉദാഹരണം. | |
| <p> | സന്ന്യാസം പറ്റുന്നതല്ല. അങ്ങനെ ഒരു സാഹചര്യവുമായി പൊരുത്തപ്പെടാൻ കഴിയില്ല. സാധാരണജീവിതവും പറ്റുകയില്ല. പിന്നെ ചെയ്യാവുന്നത് മറ്റുള്ളവരുടെ ജീവിതത്തിലേയ്ക്കും ദുഃഖത്തിലേക്കും കടന്നു ചെല്ലുക, അങ്ങനെ നമ്മുടേത് മറക്കുക എന്നതാണ്. ജീവിതത്തെക്കുറിച്ചു പഠിക്കാൻ കൂടുതൽ അവസരം നേടിയെടുക്കുക. അനുഭവത്തിലൂടെയും ദാർശനികരായ ഗുരുക്കന്മാരിലൂടെയും അതിനുള്ള അവസരം ‘സൈലന്റ് ചിൽഡ്രൻ’ സംഘത്തിൽനിന്നും കിട്ടുമെന്നു പ്രതീക്ഷിക്കുന്നു. | </p> |
| <p> | എല്ലാ മതവിഭാഗങ്ങളിൽപ്പെട്ടവരും സംഘത്തിൽ ഉണ്ടാകും. തീരുമാനം ദുഃഖഹേതു ആവില്ലെന്നുറപ്പ്. അതുകൊണ്ട് പോകാൻ തീരുമാനിച്ചു. തീരുമാനത്തിൽ ഉറച്ചുനില്ക്കുന്നു. | </p> |
| | | |
| <p> | എന്നും എഴുന്നേൽക്കാറുള്ള സമയം കഴിഞ്ഞിട്ടും അഞ്ജനയുടെ മുറി അടഞ്ഞുതന്നെ കിടന്നു. എങ്ങും പോകേണ്ട എന്നതുകൊണ്ടായിരിക്കുമെന്ന് സൂസി വിചാരിച്ചു. | </p> |
| <p> | രാവിലെ വീണ്ടും ബിൻസി വിളിച്ചു. ഉച്ചയോടെ എത്താമെന്നു പറഞ്ഞപ്പോൾ സൂസിക്ക് സന്തോഷമായി. അതിനിടയ്ക്കാണ് മുളങ്കാട്ടിലെ അദ്ഭുതം അവർ കണ്ടത്. ബിനോയിയും സൂസിയും വീണ്ടും നോക്കി നിന്നു. ആരോ മനഃപൂർവ്വം പ്രവർത്തിച്ചപോലെയായിരിക്കുന്നു. വീടിന്റെ മുൻഭാഗത്തേക്കുള്ള പൂക്കുലകൾ ആരോ കൃത്യമായി വെട്ടിമാറ്റിയിരിക്കുന്നു. | </p> |
| <p> | സൂസി മുകളിലേക്കു ചെന്നു. കതകു ചാരിയിരുന്നതേയുള്ളു. കുലുക്കിവിളിച്ചപ്പോൾ മുഖം ഒന്നു തിരിച്ചു. സാധാരണ കതകു കുറ്റിയിട്ടേ അഞ്ജന കിടക്കുമായിരുന്നുള്ളു. എന്തു സംഭവിച്ചുവോ എന്തോ? | </p> |
| <p> | സൂസി അമ്പരന്നു. അഞ്ജനയുടെ മുഖം കരുവാളിച്ചിരിക്കുന്നു. നെറ്റിമേൽ കൈവച്ചു. നല്ല ചൂട്. ശരീരം മുഴുവൻ പൊള്ളുന്നുമുണ്ട്. കടുത്ത പനിയും. സൂസി ശബ്ദമുണ്ടാക്കി ബിനോയിയെ വിളിച്ചു. അവനും കയറിവന്നു നോക്കി. രണ്ടാളും പരിഭ്രമിച്ചുപോയി. അഞ്ജന ബോധമില്ലാത്തതുപോലെ കിടക്കുന്നു. എന്തൊക്കെയോ പുലമ്പുന്നു. | </p> |
| <p> | ബിനോയ് കാർ സ്റ്റാർട്ടുചെയ്തു. | </p> |
| <p> | ആശുപത്രിയിലേക്ക് ഉടൻ പുറപ്പെട്ടു. | </p> |
| <p> | കാർ ഗെയ്റ്റ് കടക്കുംനേരം ജോസിന്റെ മുറിയിൽ ജനൽ തിറന്നുകിടക്കുന്നത് സൂസി ശ്രദ്ധിച്ചു. | </p> |
| <p> | അതാ ജോസ് മുഖം തുടയ്ക്കുന്നു. | </p> |
| <p> | അതോ കണ്ണുകളോ? | </p> |
| <p> | സൈഡ് ഗ്ലാസ്സിലൂടെ വീണ്ടും വീണ്ടും കണ്ടു; ജോസ് മുറ്റത്തേക്കിറങ്ങുന്നു. അന്യഗ്രഹത്തിൽ നിന്നു വന്ന ഒരു ജീവി വീടു കാണുംപോലെ ജോസ് മുറ്റവും തൊടിയും നോക്കുന്നു. വീടിന്റെ ഭിത്തിയിൽ തൊട്ടുനോക്കുന്നു തണുപ്പ് അനുഭവിച്ച് രസിക്കുന്നു. | </p> |
| <p> | നേഴ്സിംഗ് വിദ്യാർത്ഥിനികൾ കെട്ടിമറിയുന്ന ഒരു സ്വകാര്യ | </p> |

| | | |
|---|---|---|
| | ആശുപത്രിയാണ്. ചെന്നിറങ്ങിയപ്പോൾത്തന്നെ ബിനോയ്ക്ക് ദേഷ്യം വന്നു. കാർ പാർക്കുചെയ്യാനായിരുന്നു ആദ്യബുദ്ധിമുട്ട്. ഒരു ക്രിമിനലിന്റെ എല്ലാ ലക്ഷണവും ഒത്തിണങ്ങിയ ഒരാൾ യൂണിഫോം ധരിച്ച് നിന്ന് തോന്നിയവിധം കൈയനക്കുന്നു. രോഗി വണ്ടിയിൽ കിടക്കുന്നു എന്ന കാര്യം അയാൾ സൗകര്യപൂർവ്വം മറക്കുകയും അഭ്യാസം കുറേ നീണ്ടു. | |
| <p> | ബിനോയ് വണ്ടി വെറുതെ റെയ്സ്ചെയ്ത് അവനെ നോക്കി കണ്ണുരുട്ടി. | </p> |
| <p> | യൂണിഫോമിലും അല്ലാതെയും ജീവനക്കാർ ഓടിനടക്കുന്നു. കൂപ്പൺ എടുത്ത് ക്യൂവിൽനിന്ന ശേഷമേ ഡോക്ടറെ കാണുവാൻ കഴിയുകയുള്ളു. വെള്ളസാരിക്കുള്ളിൽനിന്നും വെള്ളവയർ പുറത്തേക്കുകാട്ടി പെൺകുട്ടികൾ ഓരോ ഡോക്ടറുടേയും ഹാഫ്ഡോറിനുമുന്നിൽ കാവൽനില്ക്കുന്നു. ഓരോ രോഗിയും മുറിക്കുള്ളിൽനിന്നിറങ്ങുമ്പോൾ വെള്ളവയർ ഒന്നുലയുന്നു. തമിഴ്സിനിമയിലെ ഗാനരംഗങ്ങളിൽ പൊക്കിളുകൾ ഉലയുന്നതുപോലെ. | </p> |
| <p> | ഒടുവിൽ വയറും പൊക്കിളും ഒരുമിച്ചുലഞ്ഞു. ഹാഫ്ഡോർ തുറക്കപ്പെട്ടു. ഡോക്ടർ പുതിയ ആളാണെന്നു തോന്നി. പേരും മറ്റുവിവരങ്ങളും എഴുതാൻ കുറഞ്ഞത് പത്തു മിനുട്ട്. അതു കഴിഞ്ഞ് അഞ്ജനയെ നോക്കി. പിന്നെ പരിശോധിച്ചു. ടെമ്പറേച്ചർ നോക്കി വളരെ കൂടുതലുണ്ടെന്നു മുഖഭാവം. അപ്പോഴാണ് അഞ്ജനയുടെ കൈയിലെ മുറിവ്-- മുള്ളു കൊണ്ടപോലുള്ള ചെറിയ മുറിവുകൾ-- ബിനോയിയുടെ കണ്ണിൽപ്പെട്ടത്. സൂസി അതു കണ്ടില്ല. പെൺകുട്ടിയുടെ ശരീരം ഒരാൺകുട്ടിക്കാണല്ലോ പെട്ടെന്നു ബോദ്ധ്യപ്പെടുക. | </p> |
| <p> | മുറിവു മറച്ചുവയ്ക്കാൻ അഞ്ജന ശ്രമിച്ചു. ചുരീദാർ ഷാൾ വിടർത്തിയിട്ടു. | </p> |
| <p> | “എന്തിനാണ് മഴനനഞ്ഞത്?” | </p> |
| <p> | ഡോക്ടർ അഞ്ജനയോടു ചോദിച്ചു. മറുപടിയില്ലെന്നമട്ടിൽ അഞ്ജന തലതിരിച്ചു. മമ്മി അതിശയത്തോടെ നില്ക്കുന്നതു കണ്ടു ബിനോയ്. അഞ്ജനയുടെ വലതുകാലിലെ കടുത്ത നീര് ഡോക്ടർതന്നെ കണ്ടെത്തി. കാൽവെള്ളയിലും ചെറിയൊരു മുറിവു കണ്ടു. | </p> |

</body></text>
</Doc>